**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം**
**മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ**

# B.A./B.Sc. (CBCSS) DEGREE EXAMINATION

## First Semester

B.A./B.Sc.(Model I)

Common Course-Malayalam ML1CCT01- കഥാസാഹിത്യം

സമയം: 3 മണിക്കൂർ | മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**
**ഓരോന്നിനും 2 മാർക്ക് വീതം**

1. i) ജയിലിൽ ആട്ടിറച്ചി വിളമ്പുന്ന ദിവസം നജീബ് എന്താണ് ചെയ്യാറുള്ളത്?
ii) മുനീർ എന്തിനാണ് നജീബിനെ അടിച്ചത്?
2. 'ആടുജീവിതം' എന്ന പേര് നോവലിന് എത്രമാത്രം യോജിക്കുന്നു?
3. "പത്തുകൊല്ലക്കാലം ആ വിധവ അനുഭവിച്ച ദുഃഖങ്ങൾക്കിടയ്ക്കു കാണാറുള്ള മധുര സ്വപ്നങ്ങൾ അങ്ങനെ അവസാനിച്ചു." എങ്ങനെ?
4. 'അമ്മയുടെ മുഖത്തേക്കു നോക്കിയപ്പോൾ മകളുടെ മനസ്സിൽ നിന്ന് കൊല്ലങ്ങൾ പെട്ടെന്ന് ഊർന്നുപോയി' –'കടലി'ലെ ഈ സന്ദർഭം വിശദമാക്കുക.
5. 'ദേശീയ ദിനപത്രമായതുകൊണ്ട് ജനം ഈയൊരു കീറക്കടലാസിനെയും സഹിക്കുന്നു എന്നു മാത്രം' i) സന്ദർഭമെന്ത്? ii) സൂചന വ്യക്തമാക്കുക.
6. പോലീസുകാരിലൊരാൾ ഒരു മതഗ്രന്ഥമാണു വായിക്കുന്നത് എന്ന് 'ആടുജീവിത'ത്തിലെ കഥാ നായകൻ ഉറപ്പിക്കുന്നതെങ്ങനെ?
7. i) കടൽ എന്ന കഥയിലെ അമ്മയുടെ ഡയറിയിൽ 'ഇത് ഞാനൊരിക്കലും പ്രതീക്ഷിച്ചതല്ല'. എന്ന് എഴുതിയത് എന്തിനെക്കുറിച്ചാണ്?
ii) 'തിരുത്ത്' എന്ന കഥയിൽ 'ആമ' എന്നു വിളിക്കുന്നത് ആരെയാണ്? എന്തുകൊണ്ട്?
8. മനുഷ്യന് അധീരതയുണ്ടാകുന്നതും അതിനുകാരണമാകുന്നതുമായ സാഹചര്യം ബന്യാമീൻ വിശദീകരിക്കുന്നതെങ്ങനെ?
9. 'തരിശുനില'ത്തിലെ നായിക ഒരു സാധാരണസ്ത്രീയല്ല, എന്തുകൊണ്ട്?
10. 'അവനെ നിങ്ങൾ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ ആദ്യം വധിച്ചത് അവനെയായിരുന്നു വെങ്കിൽ മറ്റു കുഞ്ഞുങ്ങൾ മരിക്കേണ്ടിവരില്ലായിരുന്നു.' – സൂചിതമെന്ത്?
11. മേബിൾ അമ്മായിയുടെ മുറി കഥാകാരിയുടെ സ്വന്തം മുറിയായതെങ്ങനെ?
12. "വെറുതെയാണോ നമ്മളൊക്കെ ആദ്യം കിട്ടുന്ന അവസരത്തിൽ തന്നെ സാംക്രമികരോഗി കളാകുന്നത്." i) സന്ദർഭം വ്യക്തമാക്കുക? ii) വിവക്ഷിതം വ്യക്തമാക്കുക?

(10 × 2 = 20)

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**
**ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. 'ഒരു വിടുതിയിലൂടെ എനിക്ക് എന്നെ പുനഃസൃഷ്ടിക്കേണ്ടിയിരിക്കുന്നു' എന്ന് 'ഓരോ എഴുത്തു കാരിയുടെ ഉള്ളിലും' എന്ന കഥയിലെ നായിക കരുതുന്നതെന്തുകൊണ്ട്?
14. ഗോപാൽ യാദവിന്റെ ദാരിദ്ര്യത്തിന്റെ ചിത്രം 'ബിരിയാണി'യിൽ അവതരിപ്പിച്ചിരിക്കുന്ന തെങ്ങനെ?
15. 'പ്രാണിലോകം' മുന്നോട്ടുവെക്കുന്ന പരിസ്ഥിതിബോധം വിശദമാക്കുക.
16. ഇറാഖ് യുദ്ധം ഗൾഫ് മേഖലയിൽ ഉയർത്തിയ അശാന്തിയുടെ പൊടിപടലങ്ങൾ കെട്ടടങ്ങുന്ന ദൃശ്യം 'ആടുജീവിത'ത്തിന്റെ പശ്ചാത്തലമാകുന്നതെങ്ങനെ?
17. തീറാധാരങ്ങളെയും മുള്ളുവേലികളെയും ഗവണ്മെന്റിനെയുമൊന്നും മാനിക്കാത്ത ജീവ ജാലങ്ങളെ ബഷീർ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?
18. ഒരിക്കലും കടൽ കാണാൻ കഴിയാത്ത അമ്മയെക്കുറിച്ചും നഷ്ടപ്പെട്ടുപോയ ബാല്യത്തെ ക്കുറിച്ചും ആവർത്തിച്ചുള്ള ബിംബങ്ങൾ 'കടലി'നെ വികാരതീവ്രമാക്കുന്നതെങ്ങനെ?
19. സ്ത്രീയുടെ പ്രതികാരാഗ്നി പ്രിയ എന്ന കഥാപാത്രത്തിലൂടെ സിതാര ആവിഷ്കരിച്ചി രിക്കുന്നതെങ്ങനെ?

20. കാരൂരിന്റെ മാനസികാപഗ്രഥന ചാതുരി 'പൂവമ്പഴം' എന്ന കഥയെ എപ്രകാരം ചാരുതയുള്ളതാക്കുന്നു?
21. ജയിൽജീവിതം നജീബിന് ആശ്വാസമായതെങ്ങനെ?

**(6 × 5 = 30)**

**III നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കു വീതം**

22. 'ഭൂമിയുടെ അവകാശികൾ' എന്ന കഥ മുൻപോട്ടുവയ്ക്കുന്ന പാരിസ്ഥിതിക ഭൂപടമെന്ത്?
23. വി.കെ.എന്നിന്റെ ഭാഷ 'മാനാഞ്ചിറ ടെസ്റ്റ്' എന്ന കഥയെ ആധാരമാക്കി വിവരിക്കുക.
24. 'ആടുജീവിതം' മുന്നോട്ടുവെക്കുന്ന മനുഷ്യാവകാശപ്രശ്നങ്ങളെയും സാമൂഹിക പ്രശ്നങ്ങളെയും വിശകലനവിധേയമാക്കുക.
25. i) 'പെരുമഴയുടെ പിറ്റേന്ന്' എന്ന കഥയിൽ പ്രത്യക്ഷമാകുന്ന പിതൃപുത്രബന്ധം വിശകലനം ചെയ്യുക.

    ii) സിതാരയുടെയും സാറാജോസഫിന്റെയും കഥകളിലെ സ്ത്രീവാദപരിസരം ചർച്ച ചെയ്യുക..

    iii) ഉത്തരാധുനിക മലയാളകഥകളുടെ വിഷയവൈവിധ്യം ചർച്ച ചെയ്യുക.

**(2× 15 = 30)**

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം**

**മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ**

# B.A.(CBCSS) DEGREE EXAMINATION

## First Semester

B.A.(Model I)

Core Course-Malayalam ML1CRT01- നവീന കവിത

സമയം: 3 മണിക്കൂർ — മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1.പൊയ്കയിൽ കുമാരഗുരുദേവനെക്കുറിച്ചൊരു വിവരണം തയ്യാറാക്കുക.

2."മാറിൽ നിറയെ കൃഷീവലപൗരുഷഹർഷത്തോടെ" - സന്ദർഭം വ്യക്തമാക്കുക.

3."വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ" - എന്തിനെക്കുറിച്ചാണ് പരാമർശം?

4.അയ്യപ്പപ്പണിക്കരുടെ ശ്രദ്ധേയമായ കവിതകൾ പരിചയപ്പെടുത്തുക.

5.താഴെ കൊടുത്തിരിക്കുന്ന വരികളിൽ സൂചിതമായിരിക്കുന്ന വ്യക്തികൾ ആരൊക്കെയെന്ന് വിശദീകരിക്കുക.

i) ദുരവസ്ഥക്കവിയെ നീയൊടുക്കം കണ്ടു

ii) വില്ലുവണ്ടിയോടിയോടി വരുന്ന കണ്ടു

6.വിജയലക്ഷ്മിയുടെ കവിതകൾക്ക് ഒരാമുഖമെഴുതുക

7. i) 'ജീവജലം' എന്ന കവിത രചിച്ച കവിയെക്കുറിച്ചൊരു വിവരണം തയ്യാറാക്കുക.

ii) 'സംക്രമണം' രചിച്ച കവിയുടെ കവിതകൾക്കൊരു ആമുഖം തയ്യാറാക്കുക.

8.മീരാഭായിയുടെ ജീവിതത്തിന്റെ ആഴങ്ങളിലേക്കിറങ്ങുന്ന കവിതയാണ് 'മീര പാടുന്നു' - വിശദീകരിക്കുക.

9."ആകാശത്തേയ്ക്കു ചുള്ളിക്കമ്പെറിഞ്ഞതുപോലെ നിങ്ങളെന്തെങ്കിലും അടയാളം കാട്ടണം" - ആരെക്കുറിച്ചാണീ പരാമർശം? സന്ദർഭം വ്യക്തമാക്കുക.

10."ദൈവത്തിന്റെ ഉദാരതയിൽ അവർ തൃപ്തിപ്പെടും" സാരസ്യം വ്യക്തമാക്കുക.

11.. i) ആദ്യജ്ഞാനപീഠജേതാവായ കവിയെക്കുറിച്ചൊരു ചെറുവിവരണം നൽകുക

ii) 'പാപത്തറ'യുടെ അവതാരിക എഴുതിയ കവിയെ പരിചയപ്പെടുത്തുക.

12.'നീ അറിയുക' എന്ന കവിത ഉൾക്കൊള്ളുന്ന വ്യത്യസ്തജീവിതക്കാഴ്ചകൾ സംഗ്രഹിക്കുക.

(10 × 2 = 20)

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. ചങ്ങമ്പുഴയുടെ കാവ്യലോകം പരിചയപ്പെടുത്തുക.

14. "എൻ ചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി നിൻചുണ്ടിനുള്ളതോ, ലിപ്സ്റ്റിക്കിനുള്ളതോ" - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

15. 'കാണുന്നീലൊരക്ഷരവും' ആവിഷ്കരിക്കുന്ന മൗനത്തിന്റെ നാനാർത്ഥം സംഗ്രഹിക്കുക.

16. 'നിമിഷ'മെന്ന കവിതയ്ക്കൊരാസ്വാദനം തയ്യാറാക്കുക.

17. കവിയെയും കർഷകനെയും ഒരാളിൽ കാണുന്നതിന്റെ ലാവണ്യാത്മകഹർഷമാണ് 'കയ്പവല്ലരി'യുടെ അന്തഃസത്ത - വിവരിക്കുക.

18. "പ്രകൃതിയിലെ പൂവിടരലും സർഗ്ഗാത്മകതയുടെ വിരിയലുമിണങ്ങിച്ചേരുന്ന കവിത യാണ് 'പൂക്കാതിരിക്കാനെനിക്കാവതില്ലേ'..." - വിശകലനം ചെയ്യുക.

19. 'കറുത്ത ചെട്ടിച്ചികൾ' എന്ന കവിത മുന്നോട്ടുവയ്ക്കുന്ന ജീവിതവീക്ഷണം വ്യക്തമാക്കുക.

20. ദുരന്തഹാസ്യത്തിന്റെ സാധ്യതകൾ കടമ്മനിട്ടയുടെ 'കോഴി'യിൽ പ്രത്യക്ഷമാകുന്നതെങ്ങനെ?

21. ബിംബകല്പനകളുടെ സൂക്ഷ്മതയാണ് 'മേഘരൂപ'നെന്ന കവിതയെ വ്യതിരിക്തമാക്കുന്നത് - വിവരിക്കുക.

(6 × 5 = 30)

**III നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കു വീതം**

22. ആധുനിക മലയാളകവിതയുടെ സവിശേഷതകൾ കാവ്യകണികകളിലുള്ള ആധുനിക കവിതകളെ ആസ്പദമാക്കി വിലയിരുത്തുക.
23. പെണ്ണെഴുത്തിന്റെ വൈവിധ്യവും വൈജാത്യവും 'വില്പത്രം', 'സ്നേഹം', 'കയ്ക്കലത്തുണികൾ', 'മുള്ളുകൾ മാത്രം ബാക്കിയാകുന്ന കടൽ' എന്നീ കവിതകളിൽ പ്രത്യക്ഷമാകുന്നതെങ്ങനെ?
24. പരിസ്ഥിതി ദളിത് ബോധ്യത്തിന്റെ സൂക്ഷ്മതകൾ മലയാളത്തിലെ ഉത്തരാധുനിക കവിതകളിൽ കടന്നുവരുന്നതെങ്ങനെയെന്ന് 'കാവ്യകണികകളി'ലെ ഉത്തരാധുനിക കവിതകളെ മുൻനിർത്തി വിലയിരുത്തുക.
25. i) ഇടശ്ശേരിക്കവിതകൾക്കൊരു ആമുഖം തയ്യാറാക്കുക.
    ii) ഡി.വിനയചന്ദ്രന്റെ കവിതകളുടെ പൊതുസവിശേഷതകൾ വിവരിക്കുക.
    iii) ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ പരിചയപ്പെടുത്തുക.

(2× 15 = 30)

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം**
**മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ**

# B.A.(CBCSS) DEGREE EXAMINATION

## First Semester

B.A.(Model I)

Complementary Course-Malayalam ML1CMT01- മലയാളപഠനത്തിന്റെ രീതിശാസ്ത്രം

സമയം: 3 മണിക്കൂർ മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1. ഭാഷാപഠനത്തിലെ വിവിധ വഴികൾ ഏവ?
2. മലയാളഭാഷാപ്രയോഗത്തിലെ ദേശ, ജാതി സ്വാധീനങ്ങളെക്കുറിച്ച് ചുരുക്കി വിവരിക്കുക.
3. i) പ്രത്യക്ഷവിവർത്തനം എന്നാലെന്ത്? ii)പരോക്ഷ വിവർത്തനം എന്നാലെന്ത്?
4. കറുത്ത സ്ത്രീവാദം (Black Feminism) എന്തെന്ന് പരിചയപ്പെടുത്തുക.
5. കുട്ടികൃഷ്ണമാരാര് എന്ന നിരൂപകനെ പരിചപ്പെടുത്തുക.
6. ഭാഷാശാസ്ത്രം, ഭാഷാചരിത്രം എന്നീ ശാഖകൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
7. i)ഡിജിറ്റൽ മാധ്യമം എന്നാലെന്ത്? ii)അതിലെ ഭാഷാശൈലിയെപ്പറ്റി ചുരുക്കി വിവരിക്കുക.
8. സാഹിത്യത്തിലെ ദലിത് വാദമെന്തെന്ന് വിശദീകരിക്കുക.
9. i)ബ്ലോഗ് എന്നാലെന്ത്? ii)ബ്ലോഗെഴുത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം?
10. കുറിപ്പെഴുതുക i)കേരളപാണിനീയം ii) ലീലാതിലകം
11. ഡോ.ഹെർമൻ ഗുണ്ടർട്ടിന്റെ പ്രധാനകൃതികൾ ഏവ?
12. താരതമ്യസാഹിത്യം എന്ന സംജ്ഞകൊണ്ടർത്ഥമാക്കുന്നതെന്ത്?

**(10 × 2 = 20)**

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. സംസ്കാരപഠനം സാഹിത്യപഠനവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
14. കേരളസാഹിത്യചരിത്രം, കൈരളിയുടെ കഥ എന്നീ കൃതികളെ താരതമ്യം ചെയ്യുക
15. ജീവചരിത്രം. ആത്മകഥ, കേട്ടെഴുത്താത്മകഥ എന്നീ ധാരകളെക്കുറിച്ച് ഉദാഹരണസഹിതം വിവരിക്കുക.
16. നിഷ്പക്ഷനിരൂപണം എന്ന ആശയത്തെ മുൻനിർത്തി മാരാർ നടത്തുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം?
17. റേഡിയോ, ടെലിവിഷൻ എന്നീ മാധ്യമങ്ങളിലെ മലയാളം സാധാരണക്കാരുടെ ഭാഷയിൽ നിന്ന് വേറിട്ടു നിൽക്കുന്നുണ്ടോ? ചർച്ച ചെയ്യുക.
18. സമൂഹമാധ്യമങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയുടെ സവിശേഷതകൾ വിലയിരുത്തുക?
19. കോളനിയനന്തരവാദം എന്ന ആശയത്തെ മലയാളകൃതികളുടെ പശ്ചാത്തലത്തിൽ വിശദമാക്കുക.
20. പരിസ്ഥിതി -സ്ത്രീവാദങ്ങൾ പരസ്പരപൂരകങ്ങളാണോ? പരിശോധിക്കുക
21. മലയാളത്തിലെ മൂന്ന് സഞ്ചാരസാഹിത്യകൃതികളെ കാലഘട്ടാനുസരണം പരിചയപ്പെടുത്തുക..

**(6 × 5 = 30)**

**III നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കു വീതം**

22. മലയാളകവിതയിൽ രൂപപ്പെട്ട വിവിധ പ്രസ്ഥാനങ്ങളെ വിമർശനദൃഷ്ട്യാ വിലയിരുത്തുക.
23. സിനിമ-ടെലിവിഷൻ-പരസ്യ-ഡിജിറ്റൽ മേഖലകളിലെ മലയാളം പുലർത്തുന്ന സാജാത്യ-വൈജാത്യങ്ങൾ ചർച്ച ചെയ്യുക.
24. i) മലയാളത്തിലെ പ്രധാന സാഹിത്യചരിത്രങ്ങളെ പരിചയപ്പെടുത്തുക.
    ii) മലയാളത്തിലെ നിഘണ്ടുക്കളേവ?
    iii) ഭാഷാപഠനത്തിൽ കേരളപാണിനിയുടെ സംഭാവനകളെ വിലയിരുത്തുക
25. മലയാളത്തിലെ മലയാളങ്ങൾ, രൂപപ്പെടാനുള്ള വിവിധ കാരണങ്ങൾ ചർച്ച ചെയ്യുക.

**(15 × 2 = 12)**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ

# B.A.(CBCSS) DEGREE EXAMINATION

## First Semester

B.A.(Model I)

Complementary Course-Malayalam ML1CMT02- നാടകവും സിനിമയും

സമയം: 3 മണിക്കൂർ | മാർക്ക് 80

**I** **അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1. "കാലം കടക്കേ പൊലിയുന്നു വിദ്യകൾ" സന്ദർഭവും ആശയവും വ്യക്തമാക്കുക.
2. കുറിപ്പെഴുതുക-മെലോഡ്രാമ
3. i) നാടോടി നാടകം എന്നാലെന്ത്? ii)തെരുവു നാടകം എന്നാലെന്ത്?
4. "അറിവില്ലാതെ മൃഗസ്വഭാവം കാണിച്ചുപോയ ഇവരോട് പ്രതികാരം ചെയ്കയാണെങ്കിൽ പിന്നെ ഇനിക്കെന്തൊരു സമാധാനമാണുള്ളത്?"ആരാണിങ്ങനെ അഭിപ്രായപ്പെട്ടത്? ആശയത്തിന്റെ പ്രാധാന്യമെന്ത്?
5. "നുണയാണ് പറയുന്നതെങ്കിലും കേൾക്കാനൊരു സുഖം വേണം" സന്ദർഭമെന്ത്?
6. മൊണ്ടാഷ് എഡിറ്റിങ്ങിന്റെ പ്രത്യേകതയെന്ത്?
7. i)ഷോട്ടുകൾ എത്രവിധമെന്നു വിവരിക്കുക.
   ii)സമീപദൃശ്യത്തിന് സിനിമയിലുള്ള പ്രാധാന്യമെന്ത്?
8. ഹെഡ് സ്പെയ്സിന് സിനിമയിലുള്ള പ്രാധാന്യമെന്ത്?
9. ഹിച്ച്കോക്ക് ചിത്രങ്ങളുടെ പൊതുസ്വഭാവമെന്ത്?
10. പ്രേക്ഷകനുമായി ബന്ധപ്പെട്ട് നാടകവും സിനിമയും തമ്മിലുള്ള നാല് വ്യത്യാസങ്ങൾ എഴുതുക.
11. നിശ്ശബ്ദതയ്ക്ക് സിനിമയിലുള്ള സ്ഥാനമെന്ത്?
12. കുറിപ്പെഴുതുക-ജനപ്രിയസിനിമ

(10 × 2 = 20)

**II** **ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. യാന്ത്രികതയ്ക്കും മനുഷ്യത്വത്തിനുമിടയിലുള്ള ആശങ്കയും ആകുലതയും 'ആർ യു ആർ' എന്ന നാടകത്തിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
14. 'മറിയാമ്മ' നാടകത്തിന്റെ പ്രമേയം വിശകലനം ചെയ്യുക.
15. 'പ്രിയപ്പെട്ട അവിവാഹിതൻ' എന്ന നാടകത്തിലെ ഒരു പരോക്ഷകഥാപാത്രമാണ് സമൂഹം-വിശദീകരിക്കുക.
16. നാടകീയസംഘർഷത്തിന്റെ പരകോടിയാണ് നാഥാൻ-ദാവീദ് സംഭാഷണം-വിവരിക്കുക.
17. തിരക്കഥ പരിചയപ്പെടുത്തുക-ബൈസിക്കിൾ തീവ്സ്.
18. ചലച്ചിത്രാഭിനയവും നാടകാഭിനയവും തമ്മിൽ വ്യത്യാസപ്പെടുന്നതെങ്ങനെ?
19. മൃണാൾസെൻ ചിത്രങ്ങളുടെ പ്രത്യേകതകളെന്തെല്ലാം?
20. ഫ്യൂഡൽ ബന്ധങ്ങളുടെ തകർച്ച 'എലിപ്പത്തായ'ത്തിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
21. ഭാഷാഭേദത്തിന്റെ വിനിയോഗം 'തൂവാനത്തുമ്പി'കളിൽ പ്രസക്തമാകുന്നതെങ്ങനെ?

(6 × 5 = 30)

**III** **നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കു വീതം**

22. സ്വത്വപ്രതിസന്ധിയുടെ ആധുനികോത്തരജീവിതാവസ്ഥ 'ഹയവദന'യിൽ കാണാം -വിശദമാക്കുക
23. i)ചതുർവിധാഭിനയങ്ങൾ-പരിചയപ്പെടുത്തുക

ii)സി.ജെ.തോമസിന്റെ നാടകസങ്കൽപ്പം 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തെ മുൻനിർത്തി ചർച്ചചെയ്യുക.

iii)സിനിമ സംവിധായകന്റെ കലയാണെന്നു പറയുന്നതെന്തുകൊണ്ട്?

24. മനുഷ്യാവകാശലംഘനങ്ങളുടെ അതിക്രൂരമായ സാഹചര്യങ്ങളെയാണ് ലോകസിനിമയിലെ മികച്ച ചിത്രങ്ങളൊക്കെ പ്രമേയമാക്കിയിരിക്കുന്നത് 'സെൻട്രൽ സ്റ്റേഷ'നെ മുൻനിർത്തി വിവരിക്കുക.

25. അനുകല്പനം എന്നാലെന്ത്? സെല്ലുലോയ്ഡിനെ അനുകല്പനചിത്രമെന്ന നിലയിൽ വിലയിരുത്തുക.

(15 × 2 = 12)

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം**
**മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ**

# B.Com. (CBCSS) DEGREE EXAMINATION

## First Semester

B.Com.(Model I)

Common Course-Malayalam ML1CCT05- കഥയും കവിതയും

സമയം: 3 മണിക്കൂർ — മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1. 'ഇനിയൊരുകുഞ്ഞുടുപ്പിട്ടവൾ കുഞ്ഞുമോളെ മഴയിലേക്ക് തള്ളിവിട്ടിരുന്നെങ്കിൽ....' എന്ന വരികളിലെ പ്രതീക്ഷയുടെ ആഴം വ്യക്തമാക്കുക.
2. 'ഇറ്റാർസിയിലേക്ക് തിരികെ പോകുന്ന വണ്ടി' എന്ന കഥയിലെ യാത്രികൻ യാത്ര തുടരുന്നില്ല എന്നു തീരുമാനിച്ചതെന്തുകൊണ്ടാണ്?
3. 'മൈനാകശൃംഗം' എന്ന കവിതയിൽ പരാമർശിതമാകുന്ന പുരാണകഥയെന്താണ്?
4. തെയ്യുണ്ണിയുടെ കഞ്ചിക്കോട്ടേക്കുള്ള രണ്ടാം വരവിൽ പ്രകടമായ വ്യത്യാസങ്ങൾ എന്തൊക്കെയാണ്?
5. 'ഇക്കടുക്കയെല്ലാം കുടിച്ചൊടുക്കം...' എന്തു ചെയ്യുമെന്നാണ് കവി പറയുന്നത്?
6. 'ദൽഹി 1981' എന്ന കഥയുടെ പ്രമേയമെന്ത്?
7. പാടുന്ന പിശാച് എന്ന പേര് ഓർമ്മപ്പെടുത്തുന്ന മലയാള കവിയാര്? വിശദമാക്കുക.
8. 'ചിദംബരം' എന്ന കഥയുടെ പശ്ചാത്തലഭൂമിക പരിചയപ്പെടുത്തുക.
9. "അഴിച്ചിട്ട പിംഗളകേശമോ രൂപമോ മണമോ നിറമോ ഇല്ലാതെ" വാതിൽക്കൽ നിന്നതെന്താണെന്നാണ് കവി പറയുന്നത്?
10. "ദുഷ്ടാ എന്നൊന്നു മനംനൊന്ത് പിറുപിറുക്കണമെങ്കിൽവരെ സ്ത്രീകൾക്ക് രഹസ്യമായ ഒരേകാന്തത ആവശ്യമുണ്ട്" ഇങ്ങനെ പറയാനുള്ള കാരണമെന്ത്?
11. 'തീച്ചാമുണ്ടി' എന്ന പേരിന്റെ പ്രസക്തി കഥാസന്ദർഭവുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.
12. "ധർമ്മദേവൻപോലും എന്റെ വടിവെടുത്തു" എന്ന വരികളിൽ അടങ്ങിയിരിക്കുന്ന സൂചിതം എന്ത്?

**(10 × 2 = 20)**

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. ഒറ്റമകൾ മരിച്ച ദുഃഖത്തിന്റെ തോരാപ്പെരുമഴയിലകപ്പെട്ട ഉമ്മയെ കവി അവതരിപ്പിക്കുന്നതെങ്ങനെ?
14. 'വേനലിൽ ഒരു പുഴ' എന്ന കവിതയിലെ വാങ്മയചിത്രങ്ങൾ ഏവ?
15. "സ്ഥിരീകരിക്കപ്പെടാത്ത മരങ്ങൾ പോലെ ജീവിതങ്ങൾ" എന്ന് 'ക്ലിനിക്കലി എക്സ്പയേർഡ്' എന്ന കഥയിലെ ഓർമ്മപ്പെടുത്തലിന്റെ പ്രസക്തിയെന്താണ്?
16. മിഴാവുപോലെ മുഴങ്ങിയിരുന്ന ഓമനത്തമുള്ള ഒരു കുട്ടിത്തത്തെ ഒരു കറുത്തകാലത്തിന്റെ ബലം പിളർത്തിയതിന്റെ ദുരന്തം 'തല്പം' എന്ന കഥയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?
17. 'മറുപിറവി' എന്ന കഥയുടെ പ്രമേയവും ആഖ്യാനമികവും പരിശോധിക്കുക?
18. 'അനുഭവത്തിന്റെ ഓരം ചേർന്നുകൊണ്ട് ഓർമ്മകളുടെ ഒരു വല നെയ്തെടുക്കുകയാണ് കഥാകൃത്ത്' 'കടിക്കുന്ന അമ്മച്ചിയും കൊച്ചുമകൾ ആൻസിയും' എന്ന കഥയെ മുൻനിർത്തി നിരൂപിക്കുക.
19. 'ചേക്ക' എന്ന കഥയിലെ കഥാപാത്രങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
20. 'നായ കടിക്കും, സൂക്ഷിക്കുക' എന്ന കവിതയുടെ ആന്തരാർത്ഥങ്ങളുടെ പ്രസക്തിയെന്താണ്?
21. അടുക്കള സ്ത്രീയെ വിഴുങ്ങുന്ന ഇടമായി പരിണമിക്കുന്നു എന്ന് കഥാകൃത്ത് സ്ഥാപിക്കുന്നതെങ്ങനെ?

**(6 × 5 = 30)**

**III നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കുവീതം**

22. സമകാലിക സ്ത്രീജീവിതത്തിന്റെ ദുരന്തസമസ്യകളെ അടുക്കള, തല്പം എന്നീ കഥകൾ ചിത്രീകരിക്കുന്നതെങ്ങനെ?

23. മലയാള കഥയുടെ ഭാവുകത്വത്തിന്റെ പരിണാമവഴികൾ, 'സർഗ്ഗസാഹിതി'യിലെ കഥകൾ മുൻനിർത്തി പരിശോധിക്കുക.

24. 'അഷ്ടമുടിക്കായലിന്റെ ഒഴുക്കിനു സമാന്തരമായി നീങ്ങുന്ന കായാലോരഗ്രാമജീവിതത്തിന്റെ ഇനിപ്പും ചവർപ്പും ആവിഷ്ക്കരിക്കുന്ന കവിതയാണ് ഇഷ്ടമുടിക്കായൽ'–പരിശോധിക്കുക.

25. വിമർശനാത്മകമായ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

    1. കൈക്കലത്തുണികൾ
    2. തോരാമഴ
    3. കടുക്ക

(2× 15 = 30)

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം**
**മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ**

# B.A. (CBCSS) DEGREE EXAMINATION

## First Semester

B.A. (Model II)

Common Course-Malayalam ML1CCT07-കഥ,നോവൽ

സമയം: 3 മണിക്കൂർ | മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1. 'ലീഡ് കൈന്റ്ലി ലൈറ്റ്' എന്ന ഗാനം 'ചോലമരങ്ങൾ' എന്ന കഥയിൽ വഴിത്തിരിവാകുന്നതെങ്ങനെ?
2. i) മസ്ക്രീനാസിന്റെ ബാഹ്യരൂപം എങ്ങനെയാണ് കഥാകൃത്ത് അവതരിപ്പിക്കുന്നത്?
   ii) ഗ്രാൻഡ് റോഡിൽ കഥാകൃത്ത് കണ്ട രസകരമായ കാഴ്ച എന്തായിരുന്നു?
3. ചാത്തുക്കുട്ടി നാടുവിട്ടു പോകാൻ കാരണമെന്ത്?
4. i) കേശവൻ നായർ എഴുതിയ പ്രേമലേഖനത്തിന്റെ ഉള്ളടക്കം എന്ത്?
   ii) കേശവൻ നായരുടെ പ്രേമലേഖനത്തിന് എന്തു സംഭവിച്ചു?
5. 'നിഴൽയുദ്ധം' എന്ന കഥയിൽ നായകന്റെ ആദ്യപ്രണയത്തിന്റെ ഓർമ്മ എന്താണ്?
6. സരള കുപ്പമ്മയെ ആദ്യം കണ്ട സന്ദർഭം എന്തായിരുന്നു?
7. ജനിക്കാൻ പോകുന്ന മകൻ ശ്രീരാജിനെക്കുറിച്ചുള്ള രാജശേഖരന്റെ സ്വപ്നം എന്താണ്?
8. 'ദൂരക്കാഴ്ചകൾ' എന്ന കഥയിൽ ഭാഗ്യനാഥന്റെ ഭാര്യ ബൈനോക്കുലേഴ്സിലൂടെ എന്താണ് കണ്ടത്?
9. കുഞ്ഞപ്പൻ ക്ലാഫ് ഓഫ് ക്ലാൻസ് കളിച്ചുതുടങ്ങാനുണ്ടായ സാഹചര്യമെന്ത്?
10. "സ്നേഹിക്കുക എന്ന ജോലിക്ക് കൂലി കൂടുതൽ വേണം" എന്ന് സാറാമ്മ പറയുന്നതെന്തുകൊണ്ട്?
11. പാപ്പച്ചി പാലത്തിന്റെ കൈവരിയിൽ ഇരിക്കാൻ കാരണമെന്ത്?
12. സാറാമ്മ കേശവൻനായർക്കു കൊടുത്ത കവറിൽ എന്തായിരുന്നു?

**(10 × 2 = 20)**

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. 'പ്രണയോപനിഷത്ത്' എന്ന കഥ മുന്നോട്ടുവെക്കുന്ന പ്രണയസങ്കല്പം ചർച്ച ചെയ്യുക.
14. 'ജാഗരൂക' എന്ന കഥയിൽ തെളിയുന്ന സ്ത്രീവാദ ആശയം വിവരിക്കുക.
15. ഓരോരുത്തർക്കും അവരവരുടേതായ കാഴ്ചയുണ്ടെന്ന് ഭാഗ്യനാഥന്റെ ഭാര്യ പറയുന്നതിന്റെ അർത്ഥമെന്തെന്ന് വിശദമാക്കുക.
16. 'ചാത്തുക്കുട്ടിയുടെ അമ്മ' എന്ന കഥയിലെ ഫാന്റസിയുടെ അംശങ്ങളെക്കുറിച്ച് ചർച്ചചെയ്യുക.
17. 'എം.ടി.പി.' എന്ന കഥ മുന്നോട്ടുവെക്കുന്ന സമകാലജീവിതാവസ്ഥ എന്ത്?
18. കാക്കനാടന്റെ ഭാഷാശൈലിയുടെ സവിശേഷതകൾ 'മസ്ക്രീനാസിന്റെ മരണം' എന്ന കഥയെ മുൻനിർത്തി വിവരിക്കുക.
19. ലില്ലിക്കുട്ടിയുടെയും മധുവിന്റെയും പ്രണയം സഫലമാകാതിരുന്നത് എന്തുകൊണ്ട്?
20. സാറാമ്മ എന്ന കഥാപാത്രത്തെ വിശകലനം ചെയ്യുക.
21. ബഷീറിന്റെ ഭാഷാപ്രയോഗസവിശേഷതകൾ വിവരിക്കുക.

**(6 × 5 = 30)**

**III നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കുവീതം**

22. 'പ്രേമലേഖന'ത്തിന്റെ സമകാലികപ്രസക്തി ചർച്ച ചെയ്യുക.
23. ഫെമിനിസ്റ്റ് രീതിശാസ്ത്രമുപയോഗിച്ച് 'കഥാപരിചയ'ത്തിലെ കഥകളെ വിലയിരുത്തുക.
24. മലയാളത്തിലെ ആധുനികകഥകളുടെ സവിശേഷതകൾ ചർച്ച ചെയ്യുക.

25. i) സരസ്വതിയമ്മയുടെ കഥാലോകത്തെ പരിചയപ്പെടുത്തുക.

ii) പുതിയകാലത്തെയും പുതിയ ലോകത്തെയും അടയാളപ്പെടുത്തുന്നതിൽ 'ഒത്തുതീർപ്പുകൾ' എന്ന കഥ എത്രത്തോളം വിജയിക്കുന്നുണ്ട്.

ii) വി.ജെ. ജെയിംസിന്റെ ആഖ്യാനശൈലി വിവരിക്കുക.

(2× 15 = 30)

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം**

**മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ**

# B.A. (CBCSS) DEGREE EXAMINATION

## First Semester

B.A. (Model II)

Vocational Course-Malayalam ML1VOT01-പരസ്യകലയും പരസ്യഭാഷയും

സമയം: 3 മണിക്കൂർ മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1. i) എന്താണ് പരസ്യം?
   ii) പരസ്യത്തിന്റെ പ്രസിദ്ധമായ രണ്ട് നിർവചനങ്ങൾ എഴുതുക?
2. i)ഫലശ്രേണിസിദ്ധാന്തങ്ങൾ എന്നാൽ എന്ത്?
   ii)പ്രധാനപ്പെട്ട രണ്ട് ഫലശ്രേണിസിദ്ധാന്തങ്ങൾ എഴുതുക?
3. ലേ-ഔട്ട് എന്നാൽ എന്ത്?
4. പരസ്യത്തെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ അഭിപ്രായം എന്ത്?
5. പരസ്യകോപ്പി എന്നാൽ എന്ത്?
6. റേഡിയോ പരസ്യങ്ങൾ ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തുന്നുണ്ടോ?
7. പ്രാദേശിക ഭാഷകളിൽ പരസ്യം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളേവ?
8. പരസ്യങ്ങൾ കുട്ടികളെ വഴിതെറ്റിക്കുന്നു എന്ന അഭിപ്രായം പരിശോധിക്കുക?
9. മനുഷ്യമനസ്സിന്റെ ആവശ്യങ്ങളെ പൂർത്തീകരിക്കാനാണ് പരസ്യത്തിന്റെ ശ്രമം - ഈ പ്രസ്താവനയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എഴുതുക?
10. ടെലിവിഷൻ പരസ്യരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
11. ഓൺലൈൻ പരസ്യങ്ങളെക്കുറിച്ച് കുറിപ്പെഴുതുക?
12. മീഡിയ പ്ലാനിംഗ് എന്നാൽ എന്ത്?

(10 × 2 = 20)

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. ഡേവിഡ് ഒഗ്ളിവിയുടെ പരസ്യരംഗത്തെ സംഭാവനകളെക്കുറിച്ച് വിവരിക്കുക.
14. പത്രപരസ്യരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? വിവരിക്കുക.
15. ബ്രാൻഡ് ഇമേജ് എന്നാൽ എന്ത്? ഒരു ഉല്പന്നത്തിന്റെ പരസ്യവിജയത്തെ അതെങ്ങനെ സ്വാധീനിക്കുന്നു?
16. പുറംവാതിൽ പരസ്യങ്ങളെന്നാൽ എന്ത്? അവയുടെ സ്വാധീനം വിവരിക്കുക?
17. ബന്ധുത്വവിപണനം എന്നാലെന്ത്? ഉപഭോക്താക്കളെ നേടുന്നതിൽ അതിന്റെ സ്വാധീനം എന്ത്?
18. വിവിധതരം പരസ്യതലക്കെട്ടുകൾ ഏവ? വിവരിക്കുക?
19. പരസ്യകോപ്പി വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
20. ഉപഭോക്തൃസമൂഹം എന്ന സങ്കല്പമെന്ത്? വിവരിച്ച് ഉദാഹരിക്കുക.
21. പരസ്യവും സർഗ്ഗാത്മകതയും തമ്മിലുള്ള ബന്ധമെന്ത്?

(6 × 5 = 30)

**III നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കുവീതം**

22. i)പരസ്യങ്ങൾ നിർവഹിക്കുന്ന സാമൂഹികധർമ്മമെന്ത്?
    ii)പരസ്യത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ വിവരിക്കുക.
    iii)പരസ്യത്തിന്റെ ദോഷവശങ്ങളെന്തെല്ലാം?
23. ആധുനിക പരസ്യസിദ്ധാന്തങ്ങളേവ? വിവരിക്കുക.
24. പരസ്യങ്ങളിലെ സ്ത്രീചിത്രീകരണം പ്രതിലോമകരമാണോ? വിവരിക്കുക.
25. ഏതെങ്കിലും ഒരു ഉല്പന്നത്തിന്റെ ടെലിവിഷൻ സ്ക്രിപ്റ്റ് തയ്യാറാക്കുക.

(2× 15 = 30)

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം

മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ

# B.A. (CBCSS) DEGREE EXAMINATION

## First Semester

B.A. (Model II)

Vocational Course-Malayalam ML1VOT02-പ്രസാധനപരിചയം

സമയം: 3 മണിക്കൂർ — മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1. i)പ്രൂഫ്റീഡിങ് എന്നാലെന്ത്?
   ii)പുസ്തക എഡിറ്ററുടെ പ്രാധാന്യമെഴുതുക.
2. ഇൻകുനാബുല - കുറിപ്പെഴുതുക.
3. പേപ്പർബാക്ക് എഡീഷൻ - വിശദീകരിക്കുക.
4. ഒരു പ്രസാധനശാലയുടെ പ്രധാന വിഭാഗങ്ങൾ ഏതെല്ലാം ?
5. സംക്ഷേപവേദാർത്ഥത്തിന് പുസ്തകപ്രസാധനചരിത്രത്തിലുള്ള പ്രധാന്യമെന്ത്?
6. കേരളമിത്രം അച്ചുകൂടത്തിന്റെ പ്രാധാന്യം എന്ത്?
7. ഇന്ത്യയിലെ ആദ്യപ്രിന്റിംഗ് പ്രസ് ഗോവയിൽ എത്തിയത് എങ്ങനെ?
8. ബാലപ്രസിദ്ധീകരണങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
9. i)പൊതുമേഖലയിലെ പ്രസാധനശാലകൾ പരിചയപ്പെടുത്തുക.
   ii)പ്രസാധനശാലയിലെ പ്രൊഡക്ഷൻ വകുപ്പിന്റെ ചുമതലകൾ എന്തൊക്കെ?
10. i)ദേശീയ ഗ്രന്ഥസൂചി തയ്യാറാക്കുന്നത് എങ്ങനെ?
    ii)അത് പൂർണ്ണമാണ് എന്ന് അഭിപ്രായമുണ്ടോ ?
11. പുസ്തകത്തെ ഒരു സാമൂഹികോപകരണം എന്ന രീതിയിൽ വിലയിരുത്തുക.
12. i)പുസ്തകത്തിന്റെ രൂപഘടനയിൽ ആദ്യപേജുകൾക്കുള്ള പ്രാധാന്യമെന്ത്?
    ii)അവയുടെ സാങ്കേതികനാമങ്ങൾ എഴുതി വിശദീകരിക്കുക.

(10 × 2 = 20)

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. പ്രസാധകനും എഴുത്തുകാരനും തമ്മിലുള്ള കരാറിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
14. ഭാരതത്തിലെ പ്രസാധനത്തിന്റെ ഉത്ഭവവും വളർച്ചയും വിവരിക്കുക.
15. പ്രസാധനത്തിന്റെ സാമൂഹികപ്രാധാന്യമെന്ത് ?
16. വിജ്ഞാനവിതരണത്തിൽ പുസ്തകങ്ങൾ വഹിക്കുന്ന പങ്ക് - വിശദമാക്കുക
17. യൂറോപ്പിലെ ആദ്യകാലഗ്രന്ഥങ്ങളുടെ സവിശേഷതകൾ എന്തെല്ലാം ?
18. S.P.C.S ന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുക.
19. റോയൽറ്റി, പകർപ്പവകാശം ഇവ വിശദീകരിക്കുക.
20. പ്രസാധനശാലയിലെ പ്രൊഡക്ഷൻ വകുപ്പിന്റെ ചുമതലകൾ എന്തൊക്കെയാണ്?
21. സാഹിത്യ ഏജന്റുമാരുടെ ചുമതല എന്താണ് ?

(6 × 5 = 30)

**III നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കുവീതം**

22. പുസ്തക പ്രസീദ്ധീകരണം കലയും ശാസ്ത്രവും വ്യാപാരവുമാണ് - സമർത്ഥിക്കുക.
23. മലയാള പുസ്തക പ്രസാധനത്തിന്റെ ചരിത്രവും വികാസവും ചർച്ച ചെയ്യുക.
24. ചരിത്രഗതിയെ സ്വാധീനിച്ച കൃതികളെ പരിചയപ്പെടുത്തുക.
25. i)വിവിധതരം പുസ്തകങ്ങളേവ?
    ii)വിവിധതരം പുസ്തകങ്ങളുടെ പ്രസാധനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
    iii)സ്കൂൾതല പുസ്തകനിർമ്മാണത്തിൽ പ്രാധാന്യം കൊടുക്കേണ്ട കാര്യങ്ങളെന്തെല്ലാം?

(2× 15 = 30)

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം**

**മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ**

# B.Sc. (CBCSS) DEGREE EXAMINATION

## First Semester

B.Sc.(Model II)

Common Course-Malayalam-ML1CCT09 കഥ, കവിത

സമയം: 3 മണിക്കൂർ മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1. "ഷെർലക്ക് ഇവൻ വെറുമൊരു പൂച്ചയല്ല, ചാരനാണ്" ഇപ്രകാരം ചിന്തിക്കുന്നതാര്? കാരണമെന്ത്?
2. "ഞാൻ അന്നൊന്നും ആ ശബ്ദം കേട്ടിരുന്നില്ല. അതുപക്ഷെ ഞാൻ കുട്ടിയാരുന്നതു കൊണ്ടായിരുന്നു"- പറയുന്നതാര്? കാരണമെന്ത്?
3. i) നാൽപ്പതാം നമ്പർ മഴ എന്ന ശീർഷകത്തിന്റെ അർത്ഥമെന്ത്?
   ii) 'നാൽപ്പതാം നമ്പർ മഴ' എന്ന കഥയിലെ കുട്ടി കുറുക്കന്റെ കല്യാണം കണ്ടതെങ്ങനെ?
4. "അവനെ ദഹിപ്പിക്കാനുള്ള ചൂട് ഭാഗ്യവശാൽ എന്റെ തണുപ്പൻ കണ്ണുകളിൽ അപ്പോഴും ഉണ്ടായിരുന്നു." സന്ദർഭമെന്ത്? വിവരിക്കുക.
5. i) പയ്യൻ നീലിമയോടാവശ്യപ്പെട്ട സഹായം എന്തായിരുന്നു?
   ii) താൻ രാവണനാണെന്ന് പയ്യൻ വിചാരിക്കുന്നതെപ്പോൾ?
6. സെൽമാ എക്മന്ന് റെയ്ൻഡിയറിനെക്കുറിച്ച് എന്താണ് പറയാനുണ്ടായിരുന്നത്?
7. ഇത്തറവാടിത്തഘോഷണത്തെപ്പോലെ
   വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ- ഏത് കവിതയിലെ വരികൾ? വിവരിക്കുക.
8. "മിഴി രണ്ടും രണ്ടാൾക്കും
   വഴിച്ചൂട്ടായ് നല്കുന്നു" - വിവക്ഷിതമെന്ത്?
9. "നിങ്ങളാളൊരു കേമനാണോ?
   ചത്തുചീയാത്ത ജീവിയുണ്ടോ". കവിതയേത്? അർത്ഥ സൂചനയെന്ത്?
10. "അച്ഛനൊറ്റച്ചവിട്ടിന്......
    ബാക്കി പറഞ്ഞില്ല".- സന്ദർഭവും ആശയവും വ്യക്തമാക്കുക.
11. അപരിചിതം- എന്ന കവിതയുടെ പ്രമേയമെന്ത്?
12. i) കവിയുടെ അന്ത്യാഭിലാഷം എന്താണെന്നാണ് ചുള്ളിക്കാട് പറയുന്നത്?
    ii) പോടാ മോനേ ദിനേശാ എന്ന കവിതയിൽ മോഹൻലാലിനു നൽകുന്ന വിശേഷണങ്ങളുടെ അർത്ഥമെന്ത്?

**(10 × 2 = 20)**

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. 'തച്ചൻ പണി തീർത്തിട്ടില്ലെന്ന് ഞാൻ വിഹ്വലതയോടെ തിരിച്ചറിഞ്ഞു'- സൂചിതം വിശദമാക്കുക.
14. വിഭാവരി എന്ന കഥാപാത്രത്തെക്കുറിച്ച് ലഘുവായി ഉപന്യസിക്കുക.
15. "ആർക്കും വേവലാതികളുടെ കഥ വേണ്ട ഊർജ്ജ്വസ്വലതയുടെ വിയർപ്പുമതി". ഇങ്ങനെ പറയുന്നതാര്? സന്ദർഭമെന്ത്?
16. 'നൃത്തശാല' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
17. 'ലഞ്ച്', വി.കെ.എൻ. കഥകളുടെ സവിശേഷതകളുൾകൊള്ളുന്നു -പരിശോധിക്കുക.
18. 'ഇൻ-ഔട്ട്' എന്ന ലഘുകവിത മുന്നോട്ടു വയ്ക്കുന്ന ജീവിതയാഥാർത്ഥ്യമെന്ത്?
19. 'അമ്മയെ കുളിപ്പിക്കുമ്പോൾ'- കവിക്ക് അനുഭവപ്പെടുന്നതെന്തെല്ലാം?
20. കൈലാസന്റെ സ്വഭാവസവിശേഷതകളെന്തെല്ലാം?
21. 'മയിൽപ്പീലികളുടെ ഇടവഴി' - എന്ന കവിതയുടെ അന്തർധാരയെന്ത്?

**(6 × 5 = 30)**

**III നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കുവീതം**

22. "വ്യക്തിബന്ധങ്ങളുടെ യാന്ത്രികത വെളിപ്പെടുത്തുന്ന കഥയാണ് ഷെർലക്" -വിശദീകരിക്കുക.
23. നാല്പതാം നമ്പർ മഴ, റെയ്ൻഡിയർ എന്നീ കഥകളുടെ പ്രമേയസമാനത പരിശോധിക്കുക.
24. "അധ്വാനിക്കുന്ന ജനതയുടെ മഹത്വം തിരിച്ചറിയുകയും പ്രമേയപരമായി കവിതകളിലൂടെ നിരന്തരം ചർച്ച ചെയ്യുകയും ചെയ്ത കവിയാണ് ഇടശ്ശേരി". കറുത്ത ചെട്ടിച്ചികൾ എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.
25. "സ്റ്റുഡന്റ്സ് വാട്ടർ കളർ, പോടാമോനേ ദിനേശാ" - എന്നീ കവിതകൾ പുതുകവിതയുടെ സവിശേഷത ഉൾക്കൊള്ളുന്നുണ്ടോ എന്നു വിലയിരുത്തുക.

**(2× 15 = 30)**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
മാതൃകാചോദ്യപേപ്പർ 2017 അഡ്മിഷൻ മുതൽ

# B.Com. (CBCSS) DEGREE EXAMINATION

## First Semester

B.Com.(Model II)

Common Course-Malayalam ML1CCT11- കഥ, കവിത, നാടകം

സമയം: 3 മണിക്കൂർ | മാർക്ക് 80

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

1. i)വായാടിയുടെ ചോദ്യം എന്തായിരുന്നു?
   ii)വായാടിയുടെ ചോദ്യത്തെ കവി ഭയക്കുന്നതെന്തിന്?
2. 'അരിയില്ലാഞ്ഞിട്ട്' എന്ന കവിതയിൽ ദാരിദ്ര്യത്തെ കവി നിർവ്വചിക്കുന്നതെങ്ങനെ?
3. 'കോവിലിനു പുറത്തെ ചെരിപ്പിന്റെ പ്രാർത്ഥന' എന്ന കവിതയിലെ ത്യാഗത്തിന്റെ സൂചന യെന്ത്?
4. i)"നമ്മുടെയുണ്ണികളെത്രമിടുക്കർ" -എന്തുകൊണ്ട് ?
   ii)രാവുണ്ണി ആരാണെന്നാണ് നാടകത്തിന്റെ അവസാനത്തിൽ പറയുന്നത്.?
5. 'അപമൃത്യുവിൽ സ്മൃതിമണ്ഡപം മഹാകഷ്ടം' i) സന്ദർഭമെന്ത്? ii) ആശയംവ്യക്തമാക്കുക?.
6. കറുത്ത ചായങ്ങളിൽ
   വിധി പോരടിപ്പി-
   ച്ചുയിരറ്റവർതൻ കഥ- ഏതു കഥയാണ് ഇവിടെ സൂചിതമായിരിക്കുന്നത്?
7. 'ധനുഷ്ക്കോടിയിലെ നിഴലുകൾ' എന്ന കവിതയിൽ "ഇരുകടലിൻ തണുപ്പുകൾ മോന്തിയാ കാലുകൾ നീങ്ങും" എന്ന് കവി പ്രസ്താവിക്കുന്ന സന്ദർഭമെന്ത്?
8. 'ഭാഗവതം' എന്ന കവിതയിൽ 'നാളേക്കെത്ര കൊച്ചുകാര്യങ്ങൾ' എന്ന പ്രസ്താവത്തിന്റെ സാംഗത്യം വിശദമാക്കുക?
9. രാവുണ്ണിയെ 'പ്രാന്തൻ' എന്ന് വിശേഷിപ്പിക്കാനുണ്ടായ കാരണമെന്ത്?
10. 'നൂല്' എന്ന കഥയിൽ ഈ ലോകവുമായുള്ള ബന്ധം ഇട്ടി മനസ്സിലാക്കുന്നതെങ്ങനെ?
11. ജന്മിത്വം തകർന്നതിന്റെ കർത്തൃത്വം 'മനുഷ്യപുത്രി'യിൽ വിലയിരുത്തപ്പെടുന്നതെങ്ങനെ?
12. 'ഹീബ്രുവിലൊരു പ്രേമലേഖനം' എന്ന കഥയിൽ പ്രണയിനിയിൽ നായകൻ മഹത്വം കാണുന്ന തെങ്ങനെ?

(10 × 2 = 20)

**II ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. ഭാഗവതം എന്ന കവിതയിലെ സ്ത്രീപക്ഷകാഴ്ചപ്പാട് വ്യക്തമാക്കുക?
14. "പിന്നീട് നീറേങ്കലിനെ വീട്ട്, ഇട്ടിനാൻ മറ്റുനഗരങ്ങളിലേക്കു കുടിയേറി"-നിനച്ചിരിക്കാതെ രൂപം കൊണ്ട ഇട്ടിനാന്റെ പഴയൊരു ഓർമ്മയെ വിവരിക്കുക.
15. "ഉണ്ണാനില്ലാത്തവർക്കുവേണ്ടിയുള്ള സമരത്തിനിടയിൽ ചോറുവിളമ്പിത്തന്ന കൈകൾ ഞങ്ങൾ മറന്നുപോയി"-'മനുഷ്യപുത്രി'യിലെ പശ്ചാത്താപവിവശനായ നേതാവിന്റെ തിരിച്ചറിവിനെ പ്രതിപാദിക്കുന്നതെങ്ങനെ?
16. 'സുഖകാലകീർത്തനം' എന്ന കവിതയിലെ നിന്ദാസ്തുതി വിശദീകരിക്കുക?
17. ഭാവിയുടെ പ്രശ്നങ്ങൾക്ക് തന്റെ കവിത പരിഹാരമാകുന്നുണ്ടോ എന്ന് ഇടശ്ശേരി ആശങ്ക പ്പെടുന്നതെന്തുകൊണ്ട്?
18. രാവുണ്ണി ജീവിതത്തിനപ്പുറത്തുള്ള ഒരു സമൂർത്ത രാഷ്ട്രീയമാണെന്ന് പാണൻ നമ്മെ പഠിപ്പിക്കുന്നതെങ്ങനെ?
19. "യുദ്ധത്തിനും സമാധാനത്തിനും കാലം ഉണ്ട്" - ഈ പ്രസ്താവന കഥയുടെ ഭാവതലത്തെ മുൻനിർത്തി വിലയിരുത്തുക.
20. "ദാനധർമ്മങ്ങളുടെ ഫലം നശിച്ചിരിക്കുന്നു. ആഭിജാത്യക്കൊട്ടാരം തകർന്നിരിക്കുന്നു". 'മനുഷ്യപുത്രി' എന്ന കഥയിലെ ഈ വാക്യത്തിന്റെ പൊരുളെന്ത്?
21. 'രാവുണ്ണി' എങ്ങനെ കുടുക്കമാഹാത്മ്യമായിത്തീരുന്നു?

(6 × 5 = 30)

**III** **നാലു പുറത്തിൽ (400വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്കുവീതം**

22. i) 'പകതമ'യിൽ തെളിയുന്ന രാജേന്ദ്രന്റെ ജീവിതം സമകാലജീവിതത്തിന്റെ അനുഭവമാണോ എന്ന് ചർച്ച ചെയ്യുക.

    ii) 'ചോർന്നൊലിക്കുന്ന മുറി' പ്രതിനിധാനം ചെയ്യുന്ന ഉത്തരാധുനിക ജീവിതം വിശദമാക്കുക.

    iii) ഷാഹിന ഇ.കെ.യുടെ കഥാകഥനരീതി വിശകലനം ചെയ്യുക.

23. 'മലമുകളിലെ അബ്ദുള്ള' എന്ന കഥ ചില സാമൂഹികവ്യവസ്ഥകൾക്കെതിരെയുള്ള പ്രതികരണമാകുന്നതെങ്ങന?

24. "താജിന്റെ നാടകങ്ങൾ ദീപ്തമായ ഒരു സ്നേഹപ്രപഞ്ചത്തെക്കുറിച്ചുള്ള സമരോത്സുകമായ സ്വപ്നങ്ങൾ മാത്രമല്ല അത് സാക്ഷാത്കരിക്കാനുള്ള കലാത്മകമായ പ്രയോഗവുമാണ്" - ഈ പ്രസ്താവത്തിന്റെ സാധുത പരിശോധിക്കുക.

25. അമ്മയുടെ ഗർഭപാത്രം വഹിച്ചുകൊണ്ട് യാത്രചെയ്യുമ്പോൾ അറിഞ്ഞ അകം പുറം അനുഭവങ്ങൾ 'പറുദീസാ നഷ്ടം' എന്ന കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ?

(2× 15 = 30)